"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - **2025-26** അധ്യയന വർഷത്തെ **KEAM** പ്രോസ്പെക്ടസ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**G.O.(Rt)No.296/2025/HEDN** തീയതി,തിരുവനന്തപുരം, **07-03-2025**

പരാമർശം:-

1. **19.02.2025** ലെ സ.ഉ (കൈ) നം.**97/2025**/ഉ.വി.വ.
2. **05.03.2025** ലെ സ.ഉ(സാധാ)നം.**650/2025**/ഉ.വി.വ
3. **05.03.2025** ലെ സ.ഉ (സാധാ) നം. **652/2025**/ഉ.വി.വ
4. **05.03.2025** ലെ സ.ഉ (സാധാ) നം.**653/2025**/ഉ.വി.വ
5. **06.03.2025** ലെ ആരോഗ്യ കുടുംബ ക്ഷേമ (എസ്) വകുപ്പിന്റെ എസ്**3/51/2025**/ആരോഗ്യം നമ്പർ അനൗദ്യോഗിക കുറിപ്പ്.
6. **06.03.2025** ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ സി.ഇ.ഇ/**748/2024-TA4** നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം **(1)** ഉത്തരവ് പ്രകാരം **2025** കീം പ്രോസ്പെക്ടസ് സർക്കാർ അംഗീകരിച്ച് ഉത്തരവായിരുന്നു. **2025 KEAM** പ്രോസ്പെക്ടസിലെ **5.2.7, 5.2.8(i), 5.2.10(i), 7.6(k)** എന്നീ ക്ലോസുകളിലെ വ്യവസ്ഥയിൽ പരാമർശം **(2), (3), (4)** എന്നീ ഉത്തരവുകൾ പ്രകാരം ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനാൽ **2025-2026** അക്കാഡമിക് വർഷത്തെ **KEAM** പ്രോസ്പെക്ടസിലെ എംബിബിസ് അഡ്മിഷനുമായി ബന്ധപ്പെട്ട മേല്പറഞ്ഞ വ്യവസ്ഥകൾ അടിയന്തിരമായി ഭേദഗതി ചെയ്യുന്നതിനായി പരാമർശം **(5)** പ്രകാരം ആ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 KEAM പ്രോസ്പെക്ടസിലെ 5.2.7, 5.2.8(i), 5.2.10(i), 7.6(k) എന്നീ ക്ലോസുകളിലെ വ്യവസ്ഥയിൽ താഴെ പറയുന്ന വിധം ഭേദഗതി വരുത്തി ഉത്തരവാകുന്നു:

KEAM 2025 പ്രോസ്പെക്ടസ് ക്ലോസ് 5.2.7, 5.2.8 (i) പ്രകാരം ആയുർവേദ (7 സീറ്റ്), ഹോമിയോ (4 സീറ്റ്) ബിരുദധാരികൾക്ക് 2025-2026 അക്കാഡമിക് വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിന് നിലവിൽ നൽകി വരുന്ന സംവരണ സീറ്റുകൾ (ആകെ 11 സീറ്റുകൾ) ഒരു യൂണിറ്റ് ആയി കണക്കാക്കി, പൊതു പ്രവേശന പരീക്ഷയിൽ (NEET UG) ഉയർന്ന റാങ്ക് നേടുന്ന ആയുർവേദ/ഹോമിയോപ്പതി/യുനാനി/സിദ്ധ ബിരുദധാരികൾക്ക് പ്രവേശനം നൽകുന്നതിനായി പരിഗണിക്കുന്നതാണ്.

KEAM 2025 പ്രോസ്പെക്ടസ് ക്ലോസ് 5.2.10 (i) ലെ (1) Nursing Officer with B.Sc Nursing qualification (2) Nursing Officer with General Nursing and Midwifery qualification (3) Junior Public Health Nurse എന്ന മുൻഗണനാക്രമത്തിൽ എം.ബി.ബി.എസ്. കോഴ്സിനു നിലവിൽ നൽകി വരുന്ന പ്രവേശനം "Nursing Officer in regular service under Government of Kerala who has secured highest rank in the NEET UG conducted by the National Testing Agency (NTA) will be eligible for admission to MBBS course under Nurse-Allopathy Quota from the current academic year onwards" എന്ന രീതിയിൽ ആയിരിക്കും.

KEAM 2025 പ്രോസ്പെക്ടസ് ക്ലോസ് 7.6(k) ചുവടെ പറയുന്ന രേഖകൾ കൂടി ഉൾപ്പെടുത്തുന്നു:

- Validity of Visa - equivalent documents indicating visa validity, such as Civil ID, Resident Permit, Resident ID, IQAMA, Electronic Visa, Employment Pass, or Entry Visa may be considered.
- If any document attested by the Embassy/Consulate General of India mentions visa validity, such documents may be considered
- If the sponsor's visa states 'Housewife' or 'Student' as the employment status, the corresponding Employment Certificate may be considered valid if it is properly attested

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**RAJESH M**
**JOINT SECRETARY**

പകർപ്പ്:

പ്രവേശന പരീക്ഷാ കമ്മീഷണർ, കെ എസ് ആർ ടി സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം - 695001.
മാനേജർ, അഡ്മിഷൻ സൂപ്പർവൈസറി & ഫീസ് റെഗുലേറ്ററി കമ്മിറ്റി, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ എജ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, എസ് സി ഇ ആർ ടി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A & E) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit) കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക *വകുപ്പ്*
***www.highereducation.kerala.gov.in.***
*കരുതൽ* ഫയൽ/ഓഫീസ് കോപ്പി. (HEDN-G3/60/2025-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
Date: 07-03-2025 15:38:09
സെക്ഷൻ ഓഫീസർ